**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5372** **21-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് എത്ര ഗ്രൗണ്ടുകൾ, സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, സിമ്മിംഗ് പൂളുകൾ എന്നിവ ഉണ്ടെന്നും അവ ഏതൊക്കെ ജില്ലകളിൽ സ്ഥിതി ചെയ്യുന്നുവെന്നും അറിയിക്കാമോ; | (എ) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സംസ്ഥാനത്തെ സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ എന്നിവയുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും, സ്കൂൾ/ കോളേജുകളിലായി പ്രവർത്തിക്കുന്ന എത്ര സ്പോർട്സ് ഹോസ്റ്റലുകളും നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | സ്പോർട്സ് കൗൺസിലിനു കീഴിൽ വിവിധ ജില്ലകളിലായി 27 ജില്ല സ്പോർട്സ് അക്കാദമികൾ, 39 കോളേജ് സ്പോർട്സ് അക്കാദമികൾ, 13 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. |
| (സി) | ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടി മൂന്നാറിൽ നിർമ്മിക്കുന്ന അത്യന്താധുനിക കായിക സമുച്ചയത്തിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; ഇത് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ; | (സി) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള എച്ച്.എ.റ്റി.സി മൂന്നാറിലെ 15 ഏക്കർ (ലീസ്) ഭൂമിയിൽ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി കായിക യുവജനകാര്യാലയം മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി 40 കോടി രൂപയുടെ പ്രൊപ്പോസൽ കായിക യുവജനകാര്യാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുകയാണ്. |
| (ഡി) | 2023 ഒക്ടോബറിൽ ഗോവയിൽ നടന്ന 37-ാമത് ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി മെഡൽ നേടിയ കായിക താരങ്ങൾക്ക് പ്രഖ്യാപിച്ച ക്യാഷ് അവാർഡ് മുഴുവൻ നൽകിയോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്ന് അറിയിക്കുമോ; | (ഡി) | 2023 ഒക്ടോബറിൽ ഗോവയിൽ നടന്ന 37-ാമത് ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി മെഡൽ നേടിയ മുഴുവൻ കായികതാരങ്ങൾക്കും പ്രഖ്യാപിച്ച ക്യാഷ് അവാർഡ് നൽകിയിട്ടില്ല.<br><br>ആദ്യ ഘട്ടത്തിൽ, മെഡൽ നേടിയ 221 പേരിൽ 164 പേരുടെ അക്കൗണ്ട് വിവരങ്ങൾ സ്പോർട്സ് കൗൺസിലിൽ നിന്നും ലഭ്യമായതനുസരിച്ച് ടി |

| | | | |
|---|---|---|---|
| | | | കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് അനുവദിച്ചിരുന്നു.<br><br>ക്യാഷ് അവാർഡ് നൽകുവാൻ അവശേഷിക്കുന്ന 57 മെഡൽ ജേതാക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്കും കൗൺസിലിന്റെ അംഗീകാരമുള്ള കായിക സംഘടനകൾക്കും സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വരുന്ന ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കും കൊടുക്കാനുള്ള കുടിശ്ശിക എത്രയെന്ന് അറിയിക്കാമോ; | (ഇ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ നിന്നും ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ 2024 ജൂലൈ മാസം വരെയുള്ള മുഴുവൻ തുകയും അനുവദിച്ചു നല്കിയിട്ടുണ്ട്.<br><br>കൗൺസിലിന്റെ അംഗീകാരമുള്ള കായിക സംഘടനകൾക്ക് 2021-22 നു ശേഷമുള്ള അസോസിയേഷൻ ഗ്രാന്റുകൾ അനുവദിച്ചു നല്കിയിട്ടില്ല. സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വരുന്ന ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് അനുവദിച്ചു നൽകി വരുന്നുണ്ട്. |
| (എഫ്) | സ്പോർട്സ് കൗൺസിലിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിന്റെയും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങളുടെയും കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ; | (എഫ്) | 11,28,15,304/- രൂപ. |
| (ജി) | സംസ്ഥാന സ്പോർട്സ് കൗൺസിലിലും ജില്ലാ സ്പോർട്സ് കൗൺസിലിലുമായി സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥിരം സ്റ്റാഫുകളുടെയും താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫുകളുടെയും വിശദാംശങ്ങൾ തസ്തികയുടെ പേര്, അനുവദിച്ച എണ്ണം, നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ഒഴിവുകളുടെ എണ്ണം എന്നിവ തിരിച്ച് ലഭ്യമാക്കുമോ? | (ജി) | അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ക്രമ നം. | സ്റ്റേഡിയം/ഇൻഡോർ സ്റ്റേഡിയം/ സ്വിമ്മിംഗ് പൂൾ | ജില്ല |
|---|---|---|
| 1. | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം സിന്തറ്റിക് ട്രാക്ക് | തിരുവനന്തപുരം |
| 2. | സെൻട്രൽ സ്റ്റേഡിയം | തിരുവനന്തപുരം |
| 3. | ജി.വി.രാജ ഇൻഡോർ സ്റ്റേഡിയം | തിരുവനന്തപുരം |
| 4. | ഡോ.ബി.ആർ അംബേദ്കർ അന്തരാഷ്ട്ര നീന്തൽകുളം സമുച്ചയം | തിരുവനന്തപുരം |
| 5. | ഇടവ ജില്ലാ സ്റ്റേഡിയം | തിരുവനന്തപുരം |
| 6. | നന്ദിയോട് നീന്തൽകുളം | തിരുവനന്തപുരം |
| 7. | പനമ്പിള്ളി നഗർ ഫുട്ബോൾ സ്റ്റേഡിയം | എറണാകുളം |
| 8. | എച്ച്.എ.റ്റി.സി മൂന്നാർ | ഇടുക്കി |
| 9. | വോളിബോൾ അക്കാദമി ഇൻഡോർ സ്റ്റേഡിയം | ഇടുക്കി |
| 10. | പയ്യനാട് സ്റ്റേഡിയം | മലപ്പുറം |
| 11. | കോട്ടപ്പടി സ്റ്റേഡിയം | മലപ്പുറം |
| 12. | ഇന്ദിരാ പ്രിയദർശിനി ഇൻഡോർ സ്റ്റേഡിയം | മലപ്പുറം |
| 13. | കക്കാട് സ്വിമ്മിംഗ് പൂൾ | കണ്ണൂർ |
| 14. | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം | കണ്ണൂർ |
| 15. | ആറ്റിങ്ങൽ ഇൻഡോർ സ്റ്റേഡിയം | തിരുവനന്തപുരം |
| 16. | കോട്ടയം ഇൻഡോർ സ്റ്റേഡിയം | കോട്ടയം |
| 17. | ന്യൂ ഹോക്കി സ്റ്റേഡിയം | കൊല്ലം |
| 18. | രാജാ കേശവ ദാസ് സ്വിമ്മിംഗ് പൂൾ | ആലപ്പുഴ |
| 19. | അക്വാട്ടിക് കോംപ്ലക്സ് നീന്തൽകുളം | തൃശ്ശൂർ |
| 20. | വി.കെ.എൻ ഇൻഡോർ സ്റ്റേഡിയം | തൃശ്ശൂർ |
| 21. | കൊയിലാണ്ടി സ്റ്റേഡിയം | കോഴിക്കോട് |
| 22. | ഇൻഡോർ സ്റ്റേഡിയം | കോഴിക്കോട് |
| 23. | സ്വിമ്മിംഗ് പൂൾ, നടക്കാവ് | കോഴിക്കോട് |
| 24. | ജിനചന്ദ്ര സ്റ്റേഡിയം, കൽപ്പറ്റ | വയനാട് |
| 25. | ഓംകാര നാഥ ഇൻഡോർ സ്റ്റേഡിയം | വയനാട് |
| 26. | രാജീവ് ഗാന്ധി സ്റ്റേഡിയം, കോളിയടുക്കം | കാസർഗോഡ് |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 2

| തസ്തികയുടെ പേര് | അനുവദിച്ച എണ്ണം | നിലവിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാർ | നിലവിൽ ജോലി ചെയ്യുന്ന താൽകാലിക ജോലിക്കാർ | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| സെക്രട്ടറി | 1 | 1 | 0 | **nil** |
| അസി.സെക്രട്ടറി (അക്കൗണ്ട്സ്) | 1 | 1 | 0 | nil |
| അസി.സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) | 1 | 1 | 0 | nil |
| അസി.സെക്രട്ടറി (ടെക്നിക്കൽ) | 1 | 0 | 0 | 1 |
| ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാർ | 14 | 3 (സ്ഥിരം)<br>4 (ഡെപ്യൂട്ടേഷൻ) | 0 | 7 |
| ജൂനിയർ സൂപ്രണ്ട് (അക്കൗണ്ട്സ് & അഡ്മിനിസ്ട്രേഷൻ) | 2 | 2 | 0 | nil |
| ക്ലർക്ക് അക്കൗണ്ട്സ് | 4 | 0 | 2 (കരാർ) | 2 |
| ക്ലർക്ക് ടൈപ്പിസ്റ്റ് | 20 | 8 | 5 (കരാർ)<br>5 (താൽകാലികം) | 2 |
| ക്ലർക്ക് | 1 | 0 | 1 | nil |
| ടൈപ്പിസ്റ്റ്/സ്റ്റെനോ | 1 | 0 | 1 | nil |
| അക്കൗണ്ടന്റ് | 1 | 0 | 0 | 1 |
| പ്യൂൺ | 18 | 13 | 5 (കരാർ)<br>3 (താൽകാലികം) | nil |
| അറ്റൻഡർ | 2 | 0 | 0 | 2 |
| പാർട്ട് ടൈം അറ്റൻഡർ | 2 | 1 | 1 | nil |
| ഡ്രൈവർ | 1 | 0 | 1 | nil |

| | | | | |
|---|---|---|---|---|
| നൈറ്റ് വാച്ച് മാൻ | 1 | 0 | 0 | 1 |
| ഫുൾ ടൈം സ്വീപ്പർ | 1 | 1 | 3 (താൽകാലികം) | nil |
| പാർട്ട് ടൈം സ്വീപ്പർ | 2 | 2 | 0 | nil |
| പാർട്ട് ടൈം വാച്ചർ | 1 | 1 | 0 | nil |
| മാർക്കർ (പാർട്ട് ടൈം) | 1 | 1 | 0 | nil |
| സിനിമാ ഓപ്പറേറ്റർ | 1 | 0 | 0 | 1 |
| ഗാർഡനർ | 1 | 0 | 1(കരാർ ) | nil |

| ക്രമ നം. | കായിക ഇനം | ആകെ തസ്തിക | ജോലി ചെയ്യുന്ന പരിശീലകർ (സ്ഥിരം) | കരാർ പരിശീലകർ | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|---|
| 1. | അത്ലറ്റിക്സ് | 27 | 15 | 2 | 10 |
| 2. | ബാഡ്മിന്റൺ (ഷട്ടിൽ) | 6 | 2 | 0 | 4 |
| 3. | ബാസ്കറ്റ് ബോൾ | 16 | 11 | 3 | 2 |
| 4. | ബോക്സിങ് | 3 | 2 | 2 | **nil** |
| 5. | ഫുട്ബോൾ | 14 | 6 | 8 | nil |
| 6. | ക്രിക്കറ്റ് | 2 | 2 | 0 | nil |
| 7. | സൈക്കിംഗ് | 2 | 0 | 2 | nil |
| 8. | ജിംനാസ്റ്റിക്സ് | 2 | 2 | 1 | nil |
| 9. | ഹാൻഡ് ബോൾ | 4 | 0 | 4 | nil |
| 10. | ഹോക്കി | 4 | 0 | 2 | 2 |
| 11. | ഖോ-ഖോ | 2 | 0 | 3 | **nil** |
| 12 | കബഡി | 3 | 2 | 3 | nil |
| 13. | സ്വിമ്മിംഗ് | 18 | 10 | 0 | 8 |
| 14. | ടേബിൾ ടെന്നീസ് | 3 | 2 | 0 | 1 |
| 15. | വോളിബോൾ | 20 | 9 | 14 | nil |
| 16. | വെയ്റ്റ് ലിഫ്റ്റിംഗ് | 1 | 1 | 2 | nil |
| 17. | റെസിലിംഗ് | 6 | 3 | 2 | 1 |
| 18. | ഫെൻസിംഗ് | 1 | 0 | 3 | nil |
| 19. | ഷൂട്ടിംഗ് | 1 | 0 | 0 | 1 |
| 20. | റൊവിംഗ് | 1 | 0 | 2 | nil |
| 21. | ആർച്ചറി | 1 | 0 | 3 | nil |
| 22. | കാനോയിംഗ് & കയാക്കിംഗ് | 2 | 0 | 2 | nil |
| 23. | ജൂഡോ | 2 | 2 | 2 | nil |

**സെക്ഷൻ ഓഫീസർ**